18

# നിത്യമായ പ്രതിഫലവും ശിക്ഷയും

നമ്മുടെ മനസ്സുകൾക്കു മനസിലാക്കാൻ പ്രയാസമുള്ള ആശയങ്ങളിൽ ഒന്നാണ് "നിത്യത," ഒരിക്കലും അവസാനിക്കാത്ത നിലനിൽപ്. നമ്മുടെ ഭൗതിക പ്രപഞ്ചത്തിലെ എല്ലാം, നമുക്കു കാണാവുന്നതും സ്പർശിക്കാവുന്നതും, ആയവക്കെല്ലാം ഒരു ആരംഭവും അവസാനവും ഉണ്ട്; അതുകൊണ്ട്, നിത്യത എന്ന ആശയം മനസിലാക്കുവാനുള്ള മൽപിടുത്തത്തിൽ അതിശയോക്തമാണ്. നിത്യത നമ്മുടെ അനുഭവത്തിനപ്പുറമായതുകൊണ്ട്, നമ്മുടെ മനസ്സുകൾക്കു അതു ഗ്രഹിക്കുവാൻ പ്രയാസം.

നിത്യത മുഴുവൻ ചെലവഴിക്കേണ്ട അവകാശം ഈ ചുരുങ്ങിയ ആയുഷ്ക്കാലത്തിൽ നമുക്കു നേടിയെടുക്കാൻ കഴിയാത്തതാണ് മനോഹരമായ സ്വർഗ്ഗം എങ്കിലും, ദൈവം അതു നൽകുമെന്ന് പറഞ്ഞിരിക്കുന്നതിനോട് നാം യോജിക്കുന്നു. അതേ സമയം, നരകത്തിന്റെ ഭയാനകതയെ നാം തടയും, കാരണം ഈ ചുരുങ്ങിയ കാലയളവിൽ നാം ചെയ്ത പ്രവൃത്തികൾ അവസാനിക്കാത്ത ശിക്ഷക്കു അർഹരല്ല എന്ന ചിന്തയാണ്. അനീതിയിലുള്ളവർക്കു ദൈവം പ്രതികാരം കൊടുക്കുന്നതിനേക്കാൾ കൂടുതൽ നീതിമാന്മാർ അവന്റെ കരുണക്കും കൃപക്കും യോഗ്യരാണ് എന്നത്രേ നാം ചിന്തിക്കുന്നത്.

ദൈവത്തിന്റെ സ്നേഹവുമായി യോജിക്കുന്നതല്ല നിത്യശിക്ഷാവിധി എന്ന തെറ്റായ ചിന്തയിലാണ് ചിലർ. അതുകൊണ്ട് അവരുടെ വ്യാഖ്യാനം ദൈവം സ്ഥിരമായി സ്നേഹവും, ദയയും,

ദീർഘ ക്ഷമയും ഉള്ളവനാണെന്നു മാത്രം ബൈബിളിനെ ഉപയോഗിക്കുന്നു (1 തിമൊഥെയൊസ് 1:2; 1 യോഹന്നാൻ 4:8). അവർ ദൈവത്തിന്റെ മറുവശത്തേക്കു എത്തി നോക്കുകയാണ്: അവൻ ക്രോധവും പ്രതികാരവുമുള്ള ദൈവം കൂടെയാണ്.[1] അവൻ അധർമ്മത്തെ വെറുക്കുന്നു (എബ്രായർ 1:9), "ഖണ്ഡിതവും" കാണിക്കും (റോമർ 11:22), "ദഹിപ്പിക്കുന്ന അഗ്നിയുമാണ്" (എബ്രായർ 12:29). നാം വായിക്കുന്നു, "ആകയാൽ ദൈവത്തിന്റെ ദയയും ഖണ്ഡിതവും കാൺക; വീണവരിൽ, ദൈവത്തിന്റെ ഖണ്ഡിതവും, നിന്നിലോ, നീ ദയയിൽ നിലനിന്നാൽ ദയയും തന്നേ; അല്ലെങ്കിൽ നീയും ഛേദിക്കപ്പെടും" (റോമർ 11:22). എബ്രായർ 10:31 പറയുന്നു, "ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം."

പുതിയ നിയമത്തിൽ പത്രൊസുമായുള്ള ഇടപാടിൽ അവൻ തന്റെ ദൈവത്തെ വരച്ചു കാണിക്കുന്നുണ്ട് (ലൂക്കൊസ് 22:31,32), പൗലൊസിനോടും (1 തിമൊഥെയൊസ് 1:15, 16), മറ്റുള്ളവരോടും ദയ കാണിക്കുന്നുണ്ട്. അവന്റെ ക്രോധം നിമിത്തമാണ് അനന്യാസും സഫീരയും മരിക്കാനിടയായത് (പ്രവൃത്തികൾ 5:1-10) ഹെരോദാവിന്റേയും (പ്രവൃത്തികൾ 12:20-23). ഈ ആളുകൾ ചെയ്ത തെറ്റുകൾ നിമിത്തം ദൈവം അവരെ അടിച്ചുവീഴ്ത്തി.

അനുസരിക്കാതിരുന്നവരെ ദൈവം അവരെ കഠിനമായി ശിക്ഷിക്കുന്നവനാണെന്ന് അവരോടുള്ള ഇടപാടിൽ തെളിയിക്കുന്നുണ്ട്. കർത്താവിന്റെ ഇഷ്ടത്തിനു കീഴ്പ്പെടാത്തവരാണ് ദൈവം സ്നേഹവും കരുണയും കൃപയും മാത്രമുള്ളവനാണെന്ന് പറഞ്ഞ് പാപത്തിന്മേലുള്ള അവന്റെ വെറുപ്പും ക്രോധവും ശിക്ഷയും കണ്ടില്ലെന്നു നടിക്കുന്നത്.

## ശിക്ഷയുടെ മുൻപുള്ള പ്രദർശനം

നാം ആഗ്രഹിക്കുന്ന ജീവിത സുഖങ്ങൾ ഒരിക്കലും അവസാനിക്കാത്തതാണ്, വേദന അതിവേഗം നീങ്ങുവാൻ നാം ആഗ്രഹിക്കുന്നു. സുഖകരവും ആസ്വാദ്യകരവുമല്ല ശിക്ഷ. തെറ്റുകൾക്കു പകരം വീട്ടൽ നടത്തുന്നതു നമുക്കു യോജിക്കാൻ പറ്റാത്തവ സഹിക്കാത്തതിനാലാണ്. ദൈവം ചെയ്യുമെന്നു പറഞ്ഞിരിക്കുന്നതു വേദനാജനക മാണെങ്കിൽ അതു പ്രതീക്ഷിക്കാവുന്നതാണ്. പാപിയായ മനുഷ്യനെ പിന്നെ എങ്ങനെ ശിക്ഷിക്കും?

**ശിക്ഷ എങ്ങനെയിരിക്കും?**

നാം കണ്ടു കഴിഞ്ഞതുപോലെ, ദുഷ്ടന്റെ ശിക്ഷ കാലാവസാനം വരെ എന്നേക്കുമുളളതാണ്. "നിത്യശിക്ഷാവിധി" എങ്ങനെ ആയിരിക്കും എന്നു നമുക്കു ഊഹിക്കാൻ പോലും സാദ്ധ്യമല്ല (മത്തായി 25:46).

*നശിപ്പിക്കൽ?* ചിലർ പഠിപ്പിക്കുന്നത് ആരെയും നിത്യമായി ശിക്ഷിക്കുകയില്ല എന്നാണ്. അവർ വിശ്വസിക്കുന്നത് "നിത്യ ശിക്ഷാവിധി" എന്നാൽ അനുസരിക്കാതിരിക്കുന്നവരെ എന്നേക്കും നശിപ്പിക്കുന്നതാണ് നിത്യ ശിക്ഷാവിധി എന്നാണ്. അവർ ഇങ്ങനെ വിശ്വസിക്കാൻ കാരണം ദുഷ്ടനെ നശിപ്പിക്കും അല്ലെങ്കിൽ അവൻ നിത്യാ നാശം അനുഭവിക്കും എന്നതാണ് (മത്തായി 10:28).

*അപ്പൊല്ലുമി* എന്ന ഗ്രീക്കു വാക്ക്, മത്തായി 10:28-ൽ തർജ്ജിമ ചെയ്തതാണ് "ഡെസ്ട്രോയ്" എന്നത്, അതു "പെരിഷിങ്ങ്" എന്നും തർജ്ജിമ ചെയ്തിട്ടുണ്ട് (മത്തായി 8:25) "നഷ്ടപ്പെട്ട" എന്നും തർജ്ജിമ ചെയ്തിട്ടുണ്ട് (ലൂക്കൊസ് 15:4, 6). മത്തായി 9:17-ൽ പറയുന്നു പുതു വിത്ത് പഴയ തുരുത്തിയിൽ പകർന്നാൽ രണ്ടും നശിച്ചു പോകും എന്നു പറഞ്ഞിട്ടുണ്ട്, പക്ഷെ അനിഹിലേഷൻ എന്ന വാക്കല്ല ഉപയോഗിച്ചത്; ആട്, ദ്രവ്യം, മകൻ നഷ്ടപ്പെട്ടവരുടെ ഗണത്തിൽ (*അപൊല്ലുമി*) ആണ് കാണുന്നത് (ലൂക്കൊസ് 15:6, 9, 24). യേശു വന്നു "കാണാതെ പോയതിനെ കണ്ടെത്തും" (ലൂക്കൊസ് 19:10), "എന്റെ നിമിത്തം ജീവനെ കളയുന്നവർ അതു കണ്ടെത്തുമെന്നാണ്" കർത്താവു പറഞ്ഞത് (മത്തായി 10:39). നശിച്ചു പോയവരെ കണ്ടെത്താനോ രക്ഷിക്കാനോ കഴിയുകയില്ല. എല്ലാ പര്യവസാന സന്ദർഭത്തിലും, *അപൊല്ലുമി* എന്നതിന്റെ അർത്ഥം "നഷ്ടപ്പെടുക," "നശിക്കുക," "ഇല്ലാതാകുക," അല്ലെങ്കിൽ "ഉന്മൂലനം ചെയ്യുക," എന്നാൽ അതിനർത്ഥം "ടൂബി അനിഹിലേറ്റഡ്" എന്നല്ല.

ദുഷ്ടനെ നിത്യത മുഴുവനും തുടർച്ചയായി ശിക്ഷിക്കും: "അവരുടെ ദണ്ഡനത്തിന്റെ പുക എന്നെന്നേക്കും പൊങ്ങും; മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്ക്കരിക്കുന്നവർക്കും അതിന്റെ പേരിൽ മുദ്ര ഏൽക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകയില്ല" (വെളിപ്പാട് 14:11). ഇതേ ശിക്ഷ വെളിപ്പാട് 20:10-ൽ പിശാചിനെയും, മൃഗത്തെയും കളള പ്രവാചകനേയും ഗന്ധകം കത്തുന്ന തീ പൊയ്കയിലേക്കു തളളിയിടും എന്നു വെളിപ്പാട് 19:20-ൽ കാണാം. ഗന്ധകപ്പൊയ്കയിൽ എറി

യുന്നവർ നശിച്ചു പോകുന്നുവെങ്കിൽ, മുൻപ് തള്ളിയിട്ടതായ മൃഗവും കള്ളപ്രവാചകനും, ആയിരം വർഷങ്ങൾക്കു ശേഷം പിശാചിനെ അതിലേക്കു തള്ളിയിടുന്നതിനു മുൻപുതന്നെ കത്തിപ്പോയിരിക്കും (വെളിപ്പാട് 20:2, 3). അവർ അപ്പോഴും അഗ്നിയിൽ തന്നെ തുടർന്നു ദണ്ഡിപ്പിക്കപ്പെടും "രാവും പകലും എന്നേക്കും" (വെളിപ്പാട് 20:10).

മോശെയുടെ ന്യായ പ്രമാണത്തിൻ കീഴിലായിരുന്ന യിസ്രായേലിൽ നിയമം ലംഘിച്ചവർക്കു നേരിടേണ്ടി വന്ന ശിക്ഷയേക്കാൾ വലുതായിരിക്കും പുതിയ നിയമത്തിലെ ദൈവ കൃപയെ തള്ളിക്കളയുന്നവർക്ക് (എബ്രായർ 10:29). മോശയുടെ ന്യായപ്രമാണം ലംഘിച്ചവർക്കു മോശമായ ശിക്ഷയായ മരണമായിരുന്നു, പുതിയ നിയമം ലംഘിക്കുന്നവർക്കു മരണത്തേക്കാൾ ഭയാനകമായ ശിക്ഷയാണ് ഉള്ളത്, നരകമെന്ന ശിക്ഷ.

*വാസ്തവത്തിൽ ശിക്ഷയോ?* നരകം (ഗ്രീക്ക്.: *ഗെഹന്ന*[2]) യേശു ക്രിസ്തു[3] മാത്രം പറഞ്ഞ വാസ്തവത്തിലുള്ള സ്ഥലമാണ്, മറ്റൊരു വാക്യം പറയുന്നുണ്ട്, യാക്കൊബ് 3:6. മരിച്ചവർക്ക് ഇടയിലുള്ള സ്ഥലമായ പാതാളവും, ദുഷ്ടരായി മരിച്ചവർക്കുള്ള ശിക്ഷയായ നരകവും, തമ്മിൽ പ്രകടമായ വ്യത്യാസം ഉണ്ട്.

യെരുശലേമിനു തെക്കുഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഒരു മലയിടുക്കിനെ സൂചിപ്പിച്ചാണ് *ഗെഹെന്നാ* എന്ന വാക്ക് ആദ്യം ഉപയോഗിച്ചിരുന്നത്, അത് ഹിന്നോന്റെ മക്കളുടേതായിരുന്നു. ആ സ്ഥലം ദൈവത്തിനും മനുഷ്യർക്കും മ്ലേഛവും അതിനികൃഷ്ടവുമായിരുന്നു, കാരണം വിഗ്രഹാരാധികൾ അവരുടെ മക്കളെ അവിടെ ദഹിപ്പിച്ചിരുന്നു.[4] അങ്ങനെ, യേശുവിന്റെ കാലത്ത്, യെരുശലേമിന്റെ അവശിഷ്ടങ്ങൾ തള്ളിക്കളയുന്ന സ്ഥലമായിരുന്നു അത്. അതു പുഴുക്കൾ നിറഞ്ഞ കുഴിയായിരുന്നു,എപ്പോഴും തീപ്പുക ഉയർന്നിരുന്നു. അതുകൊണ്ട് ദുഷ്ടന്മാരെ ശിക്ഷിക്കുന്നതിന് യേശു ഉപയോഗിച്ച വാക്ക് *ഗെഹെന്നാ* തികച്ചും അനുയോജ്യമാണ്.

യേശു പരാമർശിച്ച ഗെഹെന്നയിലെ തീ തീച്ചൂളപോലെ എന്നാണ് (മത്തായി 13:42, 50). ഈ തീ നിത്യവും കെടാത്തതുമാണ് (മത്തായി 3:12; 18:8; 25-41; മർക്കൊസ് 9:48[5]). അവിടെ "പുഴു" ചാവുകയില്ല എന്നും പറഞ്ഞിരിക്കുന്നു. തീയും പുഴുവും ശവങ്ങളെ ദഹിപ്പിക്കുമെങ്കിൽ, തീയും കെടും പുഴുവും ചാവും, പിന്നെ ഒന്നും

ദഹിപ്പിക്കാനും കഴിയുകയില്ല. യേശു പറഞ്ഞ തീയും പുഴുവും അക്ഷരികമായതല്ലാത്തതുകൊണ്ട് അങ്ങനെ ചിന്തിക്കേണ്ടതില്ല. അവസാനിക്കാത്ത ശിക്ഷയാണ് യേശു ഉദ്ദേശിച്ചത്.

തീ അക്ഷരികമല്ലെങ്കിൽ, എന്തുകൊണ്ട് യേശു ആവർത്തിച്ച് "അഗ്നി" എന്ന വാക്ക് ഉപയോഗിച്ചു? മറിച്ച്, ഭൗതിക പദപ്രയോഗത്താൽ ഇങ്ങനെയല്ലാതെ മനസിലാക്കിത്തരുവാൻ എങ്ങനെ വിശദീകരിക്കും? അതുപോലെ സ്വർഗ്ഗത്തിന്റെ മനോഹരത്വം വിശദമാക്കുവാൻ ഭൗതിക പദപ്രയോഗം നടത്തിയിട്ടുണ്ട്. നരകത്തിന്റെ ഭയങ്കരമായ അവസ്ഥ നമ്മെ മനസിലാക്കി തരുവാനാണ് യേശു ഭൗതികമായ പദപ്രയോഗങ്ങൾ നടത്തിയത്.

ഏതു തരത്തിലുള്ള ശിക്ഷയാണ് നരകത്തിൽ അനുഭവപ്പെടുന്നത്? അനുസരിക്കാതിരിക്കുന്നവർക്കു എന്തു പ്രതീക്ഷയാണ് ഉള്ളത്?

(1) നരകത്തിലേക്ക് അയക്കുന്നവരോട് പറയും "വിട്ടുപോകുവിൻ" (മത്തായി 7:23; 25:41; ലൂക്കൊസ് 13:27). അവർ ദൈവ ത്തിൽ നിന്ന് അകറ്റപ്പെടും.

(2) ദൈവത്തിന്റെ സന്നിധാനത്തിൽ നിന്നുള്ള ശിക്ഷയാണ് നരകത്തിലുള്ളവർക്ക് (2 തെസ്സലൊനിക്യർ 1:9). ഇതു സൂചിപ്പിക്കുന്നത് ദൈവം അവരെ കാണുകയോ, കേൾക്കുകയോ, സഹായിക്കുകയോ ഇല്ല എന്നാണ്.

(3) പിശാചും അവന്റെ ദൂതന്മാരും, ഭൂമിയിൽ ജീവിച്ച ഏതു ദുഷ്ടനും, നരകത്തിലായിരിക്കും (മത്തായി 25:41).

(4) ഗന്ധകവും തീയും കത്തുന്ന ദണ്ഡനാസ്ഥലമാണ് നരകം (വെളിപ്പാട് 14:10; 20:10; 21:8).

(5) നരകത്തിലുള്ളവർ തുടർച്ചയായി നശിപ്പിക്കപ്പെടും (2 തെസ്സലൊനിക്യർ 1:9).

(6) അവർ ദൈവത്തിന്റെ നിത്യരാജ്യത്തിൽ പ്രവേശിക്കുകയില്ല (1 കൊരിന്ത്യർ 6:9; ഗലാത്യർ 5:21).

(7) അവർ ദൈവകോപത്തിനിരയാകും (മത്തായി 3:7; റോമർ 2:5; 5:9; എഫെസ്യർ 5:6; കൊലോസ്യർ 3:6). അതു കലർപ്പില്ലാതെ അവരിലേക്ക് പകരും (വെളിപ്പാട് 14:10).

(8) അവർ പുറത്തുള്ള, ഇരുട്ടിലായിരിക്കും (മത്തായി 8:12; 22:13; 25:30; 2 പത്രൊസ് 2:17; യൂദാ 13).

(9) അവർക്ക് നാശമായിരിക്കും കിട്ടുന്നത് (മർക്കൊസ് 16:16; യോഹന്നാൻ 5:29; 2 തെസ്സലൊനിക്യർ 2:12; 2 പത്രൊസ് 2:3; KJV).

(10) അവർ മാലിന്യാവസ്ഥയിലായിരിക്കും (ഗലാത്യർ 6:8).

(11) അവർ ദൈവത്തിന്റെ പ്രതികാരത്തിനിരയാകും (റോമർ 12:19). ശിക്ഷിക്കപ്പെടുന്നവരുടെ പ്രതികരണം അവർണ്ണനീയമത്രെ: അവർക്ക് ഉപദ്രവവും നിരാശയുമനുഭവപ്പെടും (റോമർ 2:9). യേശു പറഞ്ഞു അവർ കരയുകയും വിശദീകരിക്കാനാവാത്ത വേദന നിമിത്തം, പല്ലുകടിക്കുകയും ചെയ്യും (മത്തായി 8:12; 13:42, 50; 22:13; 24:51; 25:30; ലൂക്കൊസ് 13:28).

നരകത്തെക്കുറിച്ചു പറഞ്ഞതെല്ലാം ഭയാനകവും മോശവുമത്രെ; നല്ലതൊന്നുമില്ല. അവിടെ പോകുന്നവർ എല്ലാ ദുഷ്ടവ്യക്തികളോടും പിശാചിനോടും അവന്റെ ദൂതന്മാരോടും ആണ് ബന്ധപ്പെടുന്നത് (മത്തായി 25:41)! അവർ നീതിമാന്മാരോടോ ദൈവത്തോടോ കൂടെ ആയിരിക്കുകയില്ല. അവർ എന്നേക്കും ഇരുട്ടിലായിരിക്കും. വെളിച്ചമാകുന്ന, ദൈവം, അവിടെ സന്നിഹിതനായിരിക്കുകയില്ല. സൂര്യൻ, ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ, പ്രപഞ്ചത്തിലെ യാതൊരു വെളിച്ചവും അവിടെ ഉണ്ടാകുകയില്ല. ദൈവവും വെളിച്ചങ്ങളും ഇല്ലാത്തതിനാൽ, അവിടെ ഇരുട്ടു മാത്രമായിരിക്കും.

## ആരാണ് നരകത്തിൽ പോകുന്നത്?

ആരെ ശിക്ഷിക്കുമെന്ന് നമ്മോടു പറഞ്ഞിട്ടുണ്ട്. പൗലൊസ് അവരെക്കുറിച്ചു പറഞ്ഞത് അവർ കാഠിന്യമുള്ളവരും മാനസാന്തരപ്പെടാത്ത ഹൃദയമുള്ളവരും, “സ്വാർത്ഥാഭിലാഷരും സത്യത്തെ അനുസരിക്കാത്തവരും, അനീതി അനുസരിക്കുന്നവരും,” ദുഷ്പ്രവൃത്തിക്കാരുമത്രെ (റോമർ 2:5, 8, 9). കൂടാതെ, അവർ “ദൈവത്തെ അറിയാത്തവരും ... നമ്മുടെ കർത്താവായ യേശുവിന്റെ സുവിശേഷം അനുസരിക്കാത്തവരുമാണ്” (2 തെസ്സലൊനിക്യർ 1:8). സ്വർഗ്ഗത്തിൽ പോകാത്തവരുടെ പേരുവിവരങ്ങൾ പൗലൊസ് തരുന്നതുകൊണ്ട്, അവർ നരകത്തിലേക്കു പോകുമെന്ന് അർത്ഥമാക്കുന്നു (1 കൊരിന്ത്യർ 6:9; ഗലാത്യർ 5:21; എഫെസ്യർ 5:5). അവർ ജീവിച്ച ജീവിതം നിമിത്തം, നരകം അവരുടെ നിത്യവാസസ്ഥലമായി തീരുന്നു.

പുതിയ നിയമം ഭയത്തെപ്പറ്റി പറയുന്നതുകൊണ്ട് അതിശയിക്കാനില്ല. പൗലൊസ് എഴുതി, “ആകയാൽ കർത്താവിനെ ഭയപ്പെടേണമെന്ന് അറിഞ്ഞിട്ട് ഞങ്ങൾ മനുഷ്യരെ സമ്മതിപ്പിക്കുന്നു” (2 കൊരിന്ത്യർ 5:11). അതേ രൂപത്തിൽ, പത്രൊസ് എഴുതി, “മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ പ്രവൃത്തിക്കു തക്ക

വണ്ണം ന്യായം വിധിക്കുന്നവനെ, നിങ്ങൾ പിതാവു എന്നു വിളിക്കുന്നു എങ്കിൽ നിങ്ങളുടെ പ്രവാസകാലം ഭയത്തോടെ കഴിക്കുക." (1 പത്രൊസ് 1:17). യേശു പറഞ്ഞു, "ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ; ദേഹിയേയും ദേഹത്തെയും നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുക" (മത്തായി 10:28). പൗലൊസ് കൂടാതെ എഴുതി, "അതുകൊണ്ട്, പ്രിയമുള്ളവരേ, നിങ്ങൾ എല്ലായ്പ്പോഴും അനുസരിച്ചതുപോലെ, ഞാൻ അരികത്തിരിക്കുമ്പോൾ, ഏറ്റവും അധികമായി ഭയത്തോടും വിറയലോടും കൂടെ, നിങ്ങളുടെ രക്ഷക്കായി പ്രവർത്തിക്കുക" (ഫിലിപ്പിയർ 2:12).

"തികഞ്ഞ[6] സ്നേഹം ഭയത്തെ പുറത്താക്കുന്നു" (1 യോഹന്നാൻ 4:18), കൂടാതെ അവന്റെ കല്പനകളെ പ്രമാണിക്കുന്നതാണ് യഥാർത്ഥ സ്നേഹം (യോഹന്നാൻ 14:15, 21; 1 യോഹന്നാൻ 5:3). നമുക്ക് ദൈവത്തോടുള്ള സ്നേഹം നമ്മെ അവനിലേക്ക് അടുപ്പിച്ച് അവനെ സേവിക്കുവാനും നമ്മുടെ ദൈവഭയം അവനെ ബഹുമാനിച്ച് അവന്റെ ഇഷ്ടം ചെയ്യുവാൻ സഹായിക്കുകയും ചെയ്തു (1 പത്രൊസ് 1:17).

പറഞ്ഞിട്ടുള്ളതെല്ലാം ബോധ്യമായാൽ നരകത്തിലേക്ക് പോകുവാൻ നാം ആഗ്രഹിക്കയില്ല. നരകം നമുക്കുവേണ്ടി ഉണ്ടാക്കപ്പെട്ടതല്ല, പിശാചിനും അവന്റെ ദൂതന്മാർക്കുമത്രെ. കാരണം ലോകചരിത്രം മുതൽ അവനുണ്ടാക്കിയ കുഴപ്പമാണ്, പിശാചിന് യോഗ്യമായ എന്നേക്കുമുള്ള നരകയാതന ദൈവം രൂപപ്പെടുത്തിയത്. എങ്ങനെയായാലും നാം ഇത് പറയുകയാണെങ്കിൽ നാം തിരിച്ചറിയേണ്ടത് ദൈവത്തെ അനുസരിക്കാത്തവർ പിശാചിനെ അനുഗമിക്കകൊണ്ട് യാതൊരു ശങ്കയ്ക്കും ഇടയില്ലാതെ അവരുടെ പാപത്തിന് ശിക്ഷ നൽകുക തന്നെ വേണം.

നമ്മുടെ ഏറ്റവും വലിയ ലക്ഷ്യം നരകശിക്ഷാവിധി ഒഴിവാക്കി സ്വർഗ്ഗത്തിൽ പ്രവേശിക്കുക എന്നുള്ളതാണ്. സ്വർഗ്ഗത്തിൽ താഴ്ന്ന സ്ഥലങ്ങൾ ഉണ്ടെങ്കിൽ അവിടെ പോകുന്നതാണ് നിത്യതയിൽ നരകത്തിൽ ഏറ്റവും നല്ല സ്ഥലമുണ്ടെങ്കിൽ അതിൽ പോകുന്നതിനേക്കാൾ ഉത്തമം. നരകത്തിന്റെ ഭയങ്കരത്വം ഒഴിവാക്കുവാൻ നാം സ്വർഗ്ഗത്തിൽ പോകണമെന്നും മറ്റുള്ളവരെ അതിനായി ഒരുക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു.

## സ്വർഗ്ഗത്തിനു മുമ്പുള്ള പ്രദർശനം

യേശു നൽകിയ ആവേശകരമായ ഒരു വാഗ്ദാനം "സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാണ്" (മത്തായി 5:12; ലൂക്കൊസ് 6:23). ക്രിസ്ത്യാനികളായ നമുക്ക് പ്രത്യാശയുണ്ട് (എഫെസ്യർ 4:4) സ്വർഗ്ഗത്തിലെ മഹത്വകരമായ ജീവിതവും ക്രിസ്ത്യാനികളായിത്തീരുന്നതിൽ വിലയുള്ളതാക്കുന്നു. മറ്റൊരു ജനവിഭാഗങ്ങൾക്കും സ്വർഗ്ഗത്തെക്കുറിച്ച് ഇത്രയധികം പാട്ടുകളോ അടിക്കടി ഭാവിപഠനത്തെക്കുറിച്ചു പാടുന്നതോ ഇല്ല എന്നു പറയാം. മറ്റുള്ളവരെ ഭാരപ്പെടുത്തി നിരാശരാക്കി, വേദനിപ്പിക്കുന്ന അനേകപരിക്ഷണങ്ങളിൽ കൂടെ സന്തോഷത്തോടെ സ്വർഗ്ഗീയമായ പ്രതീക്ഷയിൽ നാം മുന്നേറണം (1 തെസ്സലൊനിക്യർ 4:13).

യേശു പറഞ്ഞു, "അവർക്ക് ജീവൻ ഉണ്ടാകുവാൻ സമൃദ്ധിയായിട്ട് ഉണ്ടാകുവാനത്രെ ഞാൻ വന്നിരിക്കുന്നത്" (യോഹന്നാൻ 10:10). പ്രശ്നങ്ങളില്ലാത്ത ഒന്നല്ല സമൃദ്ധമായ ജീവൻ. പൗലൊസ് എഴുതി, "എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെല്ലാം ഉപദ്രവം ഉണ്ടാകും" (2 തിമൊഥെയൊസ് 3:12). പൗലൊസ് സഹിച്ചതായ ഉപദ്രവം അവനെക്കൊണ്ട് പറയിപ്പിക്കുന്നത്, "നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നുവെങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രെ" (1 കൊരിന്ത്യർ 15:19). കർത്താവിൻ നിമിത്തമുള്ള അവന്റെ പ്രയാസത്തെ അവൻ എഴുതി, "ഞാൻ എഫെസൊസിൽ വച്ച് മൃഗയുദ്ധം ചെയ്തത് മാനുഷം എന്നു വരികിൽ എനിക്ക് എന്തു പ്രയോജനം? മരിച്ചവർ ഉയിർക്കുന്നില്ലെങ്കിൽ നാം തിന്നുക, കുടിക്കുക, നാളെ ചാകുമല്ലൊ" (1 കൊരിന്ത്യർ 15:32; യെശയ്യാവ് 22:13).

സ്വർഗ്ഗം ലക്ഷ്യമാക്കുവാൻ പുതിയനിയമം നമ്മളോട് പറയുന്നു. രക്ഷിക്കപ്പെടുന്നവരുടെ നിത്യഭവനം എന്ന നിലയിൽ തിരുവെഴുത്ത് അടിക്കടി പറയുന്നില്ലെങ്കിലും, സ്വർഗ്ഗീയ അനുഗ്രഹങ്ങൾ ധാരാളം പറയുന്നുമുണ്ട്.

ക്രിസ്ത്യാനികൾക്കുള്ള ഒരു പ്രത്യാശഭവനം നമ്മെ സന്തോഷിപ്പിക്കുന്നതാണ് (റോമർ 12:12). ഇത് പഴയ നിയമത്തിൻ കീഴിൽ ഉള്ളവർക്ക് നൽകിയതിനേക്കാൾ ശ്രേഷ്ഠമായ ഒരു വാഗ്ദാനമാണ് (എബ്രായർ 8:6; 10:34). അവർക്ക് ഒരു കനാൻ ദേശം വാഗ്ദാനം ചെയ്തിരുന്നു ദൈവം അവരോട് ചെയ്ത ഉടമ്പടിപ്രകാരം ദീർഘായുസ്സോടുകൂടി, കനാൻദേശവും വാഗ്ദാനം ചെയ്തിരുന്നു (ആവർത്തനപുസ്തകം 4:13; 5:33). നമ്മോടു വാഗ്ദാനം ചെയ്തത്

ഈ ലോകത്തിലുള്ള ഭൂമിയെ നവീകരിച്ചുള്ളതാണെങ്കിൽ, പുതിയനിയമത്തിലെ നമുക്കുള്ള വാഗ്ദാനങ്ങളും നമ്മുടെ പ്രത്യാശയും പഴയനിയമത്തിലെ യിസ്രായേൽജനത്തിന് നൽകിയ ദേശവാഗ്ദാനത്തെക്കാൾ വലുതായിത്തീരുന്നില്ല (ആവർത്തനപുസ്തകം 28:1-14). എങ്ങനെയായാലും, നമ്മുടെ പ്രത്യാശ, സ്വർഗ്ഗത്തിൽ എന്നേക്കുമുള്ളതാണ് (1 പത്രൊസ് 1:3, 4) ഭൂമിയിലെ ദീർഘായുസ്സും സമ്പത്തും ദേശവും നൽകുന്നതിനുപകരം നിത്യജീവനാണ്. എങ്ങനെയായാലും ഈ ഭൂമിയിലുള്ള ജീവിതം ദൈവത്തിന്റെ അനുഗ്രഹത്താൽ ആസ്വദിക്കപ്പെടേണ്ടതാണ്, ഭൗതിക ജീവൻ താല്ക്കാലികമാണ്. പുറമെയുള്ള മനുഷ്യൻ ഓരോ ദിവസവും ക്ഷയിച്ചുകൊണ്ടിരിക്കുന്നതാണ് (2 കൊരിന്ത്യർ 4:16); ഒരിക്കൽ നാം എല്ലാവരും മരിക്കും (എബ്രായർ 9:27). അതിനുശേഷം, ഈ ഭൂമിയിൽ നമുക്ക് മറ്റൊരു ജീവിതാനുഭവം ഇല്ല. മറ്റൊരു മനുഷനായിട്ടോ, മറ്റൊരു സൃഷ്ടിയായിട്ടോ ഇല്ല. ന്യായവിധിക്കു ശേഷമുള്ള ഏകജീവിതം, ഒന്നുകിൽ സ്വർഗ്ഗത്തിൽ നാം സേവിച്ച ദൈവമായിട്ട് (മത്തായി 25:34) അല്ലെങ്കിൽ അവരെ സേവിക്കുവാൻ നിരസിച്ചവർക്ക് ഒരുക്കിയ നിത്യാഗ്നിയുമായിരിക്കും (മത്തായി 25:41).

**സ്വർഗ്ഗം ഏതുപോലെ?**

ബൈബിളിൽ വിവരിച്ച സ്വർഗ്ഗം മനസ്സിലാക്കുവാൻ, മൂന്നു വ്യത്യസ്തമായ പ്രതലങ്ങളിൽ "സ്വർഗ്ഗം" എന്ന പദപ്രയോഗം ഉപയോഗിച്ചിരിക്കുന്നു (2 കൊരിന്ത്യർ 12:2-4): (1) മേഘങ്ങളുള്ള ആകാശം (ആവർത്തനപുസ്തകം 11:11) പക്ഷികൾ പറക്കുന്നതുമാണ് (സങ്കീർത്തനങ്ങൾ 79:2), (2) നക്ഷത്രങ്ങളും ഗ്രഹങ്ങളും നിറഞ്ഞ പ്രപഞ്ചം (ഉല്പത്തി 1:14-18; ആവർത്തനപുസ്തകം 1:10), (3) ദൈവത്തിന്റെ വാസസ്ഥലത്താണ്, ഭൂമിയിലെ വീണ്ടെടുക്കപ്പെട്ടവർ എന്നേക്കുമുള്ളത് (1 പത്രൊസ് 1:3, 4). ഈ പാഠത്തിന്റെ കരുതൽ ആണ് അവസാന വാക്യം.

*"സ്വർഗ്ഗരാജ്യം" എന്ന പ്രയോഗം ഉപയോഗിച്ചിരിക്കുന്നത് (1) ദൈവത്തിന്റെ നിത്യരാജ്യം (മത്തായി 13:43), (2) രക്ഷിക്കപ്പെട്ടവർക്കായി ഒരുക്കിയ രാജ്യം (മത്തായി 25:34), (3) സമീപിച്ചിരിക്കുന്നു എന്ന് അവൻ പ്രസംഗിച്ച ക്രിസ്തുവിന്റെ രാജ്യം മറ്റുള്ളവരെ അയച്ച് പ്രസംഗിപ്പിച്ച തിൽ.* ഈ രാജ്യത്തെ "സ്വർഗ്ഗരാജ്യം" എന്നും വിളിച്ചിരിക്കുന്നു (മത്തായി 4:17); "ദൈവരാജ്യം" (മർക്കൊസ് 1:15), "എന്റെ രാജ്യം" (ലൂക്കൊസ് 22:30), "തന്റെ

പ്രിയപുത്രന്റെ രാജ്യം" (കൊലൊസ്യർ 1:13). ഈ പദങ്ങളെയെല്ലാം കോർത്തിണക്കുന്ന അർത്ഥത്തോടുകൂടി, ഓരോന്നും സ്വർഗ്ഗീയ വാഴ്ച്ചയെ എടുത്തുകാണിക്കുന്നു. ക്രിസ്തുവിന്റെ പ്രത്യേക വാഴ്ച, അവൻ പ്രസംഗിച്ചത് സമീപമായിരിക്കുന്നു എന്നാണ് (മത്തായി 4:17), തന്റെ സ്വർഗ്ഗാരോഹണത്തോടുകൂടി ആരംഭിക്കുകയും (എഫെസ്യർ 1:19-23) അവൻ മടങ്ങിവരുന്നതുവരെ ഉണ്ടായിരിക്കുകയും ചെയ്യും (1 കൊരിന്ത്യർ 15:24). ഈ പാഠം ഊന്നൽ നൽകിയത് രക്ഷിക്കപ്പെട്ടവർ രാജ്യത്തിൽ പ്രവേശിക്കുമ്പോൾ നിത്യപ്രതിഫലം ലഭിക്കുന്നു (മത്തായി 25:34). ഓരോ വേദഭാഗത്തും ഉള്ള അർത്ഥം ഉപയോഗിച്ചിരിക്കുന്ന സന്ദർഭമനുസരിച്ച് തീരുമാനിക്കാവുന്നതാണ്.

സ്വർഗ്ഗം ഭൗതികമായ, ദിശയില്ലാത്തതും, വഴങ്ങാത്തതും ആയതുകൊണ്ട് ആത്മീയമായ ഈ വാഴ്ച്ചയുടെ യാഥാർത്ഥ്യം മനസിലാക്കുവാൻ സൂചന നൽകുന്നവയാണ് ഭൗതികമായ നാമങ്ങൾ. ഈ മേഖലയെക്കുറിച്ച് പൗലൊസ് എഴുതി, "കാണുന്നതിനെയല്ല, കാണാത്തതിനെയത്രെ ഞങ്ങൾ നോക്കിക്കൊണ്ടിരിക്കുന്നു; കാണുന്നത് താല്ക്കാലികം, കാണാത്തത് നിത്യം" (2 കൊരിന്ത്യർ 4:18). ഭൗമിക നാമങ്ങളാൽ ദൈവം സ്വർഗ്ഗം വിവരിച്ചിരിക്കയാണെങ്കിലും, അതിനെ ഒരിക്കലും ഭൗതികമായി കരുതരുത്.

ഭൂമിയെ മാറ്റി ആത്മീയ വാസയോഗ്യമാക്കി മാറ്റാൻ സാധ്യമല്ല. അങ്ങനെയായിരുന്നുവെങ്കിൽ, സിംഹാസനത്തിലിരിക്കുന്നവന്, അവൻ പറഞ്ഞു, "ഇതാ, ഞാൻ സകലതും പുതുതാക്കുന്നു" എന്നത് ഗൗരവമായി എടുക്കയില്ല (വെളിപ്പാട് 21:5). അല്ലെങ്കിൽ ആ പ്രസ്താവന അക്ഷരികമായും എടുക്കുകയില്ല. "ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി, ..." (വെളിപ്പാട് 21:1).

രക്ഷിക്കപ്പെട്ടവരുടെ നഗരമായ, പുതിയ യെരുശലേം, ഭൂമിയിലും ഏറ്റവും വിലയുള്ളതായി അറിയപ്പെടുന്നവയാൽ ഉണ്ടാക്കപ്പെട്ടതാണെന്ന് വിവരിച്ചിരിക്കുന്നു (വെളിപ്പാട് 21:11-21). അത്തരം വിവരണം മനോഹരമാണ്, മനുഷ്യന്റെ ഊഹത്തിന് അപ്പുറമാണ്. ഇതാണ് ദൈവം മർത്യരിൽ ഉണ്ടാകുവാൻ ആഗ്രഹിച്ചത്. അവന്റെ രാജ്യത്തിൽ നാം മഹത്വീകരിക്കപ്പെടുമ്പോൾ നമുക്ക് അതിയായ അമ്പരപ്പ് ഉളവാകും (1 തെസ്സലൊനിക്യർ 2:12; എബ്രായർ 2:10), അതിന്റെ മനോഹാരിതയും മഹത്വവും കാണുക (റോമർ 8:18), ആ മഹത്വത്തിൽ പങ്കാളികളായിത്തീരുക

(1 പത്രൊസ് 5:1). അവൻ “തന്റെ വിശുദ്ധന്മാരിൽ മഹത്വപ്പെടുന്നു” (2 തെസ്സലൊനിക്യർ 1:10). ഇത് കടന്നുപോകുന്ന ഒരു മേഖല അല്ലാത്തതിനാൽ നമുക്ക് ഇഷ്ടമാകും, എന്നാൽ ഇത് സ്വർഗ്ഗീയ മായ പൗരത്വം നൽകി തേജസ്സിന്റെ നിത്യഘനം താരതമ്മ്യം ചെയ്യു ന്നതിനപ്പുറമാണ് ഇത് “ഒരു ശ്രേഷ്ഠമായ അവകാശവും നില നിൽക്കുന്നതുമാണ്” (എബ്രായർ 10:34), “ഒരു ശ്രേഷ്ഠമായ രാജ്യം, അതായത്, ഒരു സ്വർഗ്ഗീയമായതാണ്” (എബ്രായർ 11:16).

സ്വർഗ്ഗത്തെ സംബന്ധിച്ച ഏറ്റവും മനോഹരമായ കാര്യം നമുക്ക് നിത്യത മുഴുവൻ ദൈവവുമായി, യേശുവും, പരിശു ദ്ധാത്മാവുമായി കഴിയാം എന്നതാണ് (വെളിപ്പാട് 21:3), കൂടാതെ രക്ഷിക്കപ്പെട്ട് ജീവിച്ച മനോഹരമായ എല്ലാവരും. സ്വർഗ്ഗത്തിൽ നമുക്ക് കിട്ടുന്ന നിത്യമായ കൂട്ടായ്മയെ ഭൂമിയിലെ യാതൊന്നി നോടും താരതമ്യം ചെയ്യാവുന്നതല്ല.

ഒരു നിമിഷം സ്വർഗ്ഗീയ തേജസ്സിന്മേൽ നാം കണ്ണോടിച്ചാൽ നമുക്ക് അനുഭവിപ്പാനുള്ള കൂട്ടായ്മയെ കണ്ടാൽ, അവിടെയെത്തു വാൻ നമ്മെ ആവേശഭരിതരാക്കുകയും അതിനായി നാം എല്ലാ ശ്രമവും പദ്ധതിയും നടപ്പാക്കും. പൗലൊസ് എഴുതി, “നമ്മിൽ വെളി പ്പെടുവാനുള്ള തേജസ്സ് വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു” (റോമർ 8:18).

## സ്വർഗ്ഗത്തിൽ എന്തായിരിക്കും?

സ്വർഗ്ഗം മനസ്സിലാക്കുവാൻ നമുക്ക് അടയാളങ്ങൾ നല്കിയി ട്ടുണ്ട്. ഭൂമിയിൽ നമുക്കാവശ്യമുള്ളവയല്ല സ്വർഗ്ഗത്തിൽ വേണ്ടത്, ഉദാഹരണമായി സൂര്യൻ, ചന്ദ്രൻ, അല്ലെങ്കിൽ ഒരു വിളക്ക്; അവിടെ രാത്രി ഉണ്ടാകയില്ല, കുഞ്ഞാട് (യേശുക്രിസ്തു) അവിടെ വെളിച്ച മായിരിക്കും (വെളിപ്പാട് 21:23, 25; 22:5). നമുക്ക് ദൈവത്തോട് അടു ക്കുവാനുള്ള അവസരം ഉള്ളതുകൊണ്ട് അവിടെ മന്ദിരത്തിന്റെ ആവശ്യമില്ല, അവിടെ ദൈവവും കുഞ്ഞാടും മന്ദിരമായിരിക്കും (വെളിപ്പാട് 21:22).

നമുക്ക് ഭൗതികമായ ആഹാരം, ജീവിതത്തിന് അവിടെ ആവ ശ്യമുണ്ട് കാരണം ജീവവൃക്ഷത്തിന്റെ ഫലവും ജീവനദിയിലെ ജലവും നമ്മെ നിലനിർത്തുന്നു (വെളിപ്പാട് 22:1, 2). പിന്നെ നാം ദൈവത്തിൽ നിന്ന് അകലുകയില്ല, “അവൻ അവരുടെ ഇടയിൽ വസിക്കുകയും അവർ അവന്റെ ജനമാകുകയും ദൈവം തന്നെ അവരിൽ ആകുകയും ചെയ്യും” (വെളിപ്പാട് 21:3). ദൈവ

ത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അവിടെയുണ്ട്, അക്കാരണത്താൽ, അവിടെ ശാപം ഉണ്ടാകുകയില്ല (വെളിപ്പാട് 22:3). നമ്മുടെ പുതിയ വാസസ്ഥലത്ത് നീതിമാന്മാർ മാത്രമായി രിക്കും (2 പത്രൊസ് 3:13).

## നാം ഏതുപോലെയിരിക്കും?

നമ്മുടെ ഭൗതികമായ ശരീരങ്ങൾ ആത്മീയശരീരങ്ങളായി മാറും (1 കൊരിന്ത്യർ 15:44, 51-54). നാം പ്രവേശിക്കുന്ന ആത്മീയ ഗോളത്തിൽ ഭൗതികമായ ശരീരങ്ങൾ യോജിക്കുന്നവയല്ല, "മാംസ രക്തങ്ങൾക്കു ദൈവരാജ്യത്തെ അവകാശമാക്കുവാൻ കഴികയില്ല" (1 കൊരിന്ത്യർ 15:50). ദൈവത്തിന്റെ ആത്മീയമായ മേഖല അവന് സ്വാഭാവികമാണ്, കാരണം അവൻ ആത്മാവ് ആകുന്നു (യോഹന്നാൻ 4:24), ദൂതന്മാർ, അവരും ആത്മാക്കളാകുന്നു (എബ്രായർ 1:14). ആ ഗോളത്തിൽ നമ്മുടെ ആത്മീയമായ ശരീരം എങ്ങനെയായിരിക്കുമെന്ന് മനസ്സിലാക്കാൻ സാധ്യമല്ല, എന്നാൽ നമുക്ക് ഉറപ്പുണ്ട് "അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കുംപോലെ, തന്നെ കാണുന്നതാക കൊണ്ടു അവനോട് സദൃശന്മാർ ആകും എന്നു നാം അറിയുന്നു" (1 യോഹന്നാൻ 3:2). ദൈവത്തെ കാണുവാൻ, അവന്റെ ഗോളത്തിൽ നാം പ്രവേശിക്കണം, ഭൗതികമായവയ്ക്കൊന്നും ദൈവത്തെ കാണു വാൻ സാധ്യമല്ല (1 തിമൊഥെയൊസ് 6:16). യേശു "നമ്മുടെ താഴ്ചയുള്ള ശരീരം അവന്റെ മഹത്വമുള്ള ശരീരത്തോട്, സർവ്വവും അവന്റെ കാൽക്കീഴാക്കി വയ്ക്കുവാൻ ശക്തിയുള്ളവൻ രൂപാന്തരപ്പെടുത്തും" (ഫിലിപ്പിയർ 3:20, 21; RSV). ഇതു സംഭവിക്കുമ്പോൾ, നാം "അവന്റെ മുഖം കാണും" (വെളിപ്പാട് 22:4), നമുക്കാർക്കും ഭൗതികമായ ശരീരങ്ങളിൽ കണ്ടു ജീവിക്കാൻ അസാധ്യമായ മുഖമാണ് അത് (പുറപ്പാട് 33:20).

നാം മാറ്റപ്പെടുമ്പോൾ, നാം സ്വർഗ്ഗീയമായവയുടെ തേജസ് പ്രാപിക്കുന്നു. ക്രിസ്തുവിനോടുകൂടെ നാം "തേജസ്ക്കരിക്കപ്പെടുന്നു" (റോമർ 8:17), തേജസ്സിൽ പ്രവേശിച്ച്, ബഹുമാനവും, സമാധാനവും ലഭിക്കുന്നു (റോമർ 2:7, 10). നമ്മുടെ പുതിയ അവസ്ഥയിൽ പിതാവിന്റെ "രാജ്യത്തിൽ നാം സൂര്യനെപ്പോലെ പ്രകാശിക്കും" (മത്തായി 13:43). "നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ, സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും'' (1 കൊരിന്ത്യർ 15:49).

നാം പിന്നീട് മരിക്കാൻ കഴിയാത്ത "നിത്യജീവനുള്ള" വരായി, നിത്യമായി ജീവിക്കും (ലൂക്കൊസ് 20:36; വെളിപ്പാട് 21:4). "നിത്യ ജീവൻ" എന്നതിന്റെ അർത്ഥം ജീവിതത്തിന്റെ ഗുണവും അതിന്റെ ദൈർഘ്യവും, ഇപ്പോഴത്തെ അവകാശവും[7] അല്ലെങ്കിൽ യേശുവിൽ വിശ്വസിച്ച് അവനെ ശുശ്രൂഷിക്കുന്നതിന്റെ[8] ഫലമായി നമുക്കു കിട്ടുന്ന ജീവിതമാണ്.

**നാം എന്തു ചെയ്യുകയായിരിക്കും?**

നാം സ്വർഗ്ഗത്തിൽ എന്തു ചെയ്യുകയായിരിക്കും എന്നതിനെക്കുറിച്ച് മുഴുവൻ വിവരവും ദൈവം നൽകിയിട്ടില്ല, അത് ഒരുപക്ഷെ നമ്മുടെ നന്മയ്ക്കായിരിക്കും. നാം ഭൗതികരാകകൊണ്ടു, ആത്മീയർ എന്തുചെയ്യും എന്നത് പരിഗണിക്കുമ്പോൾ ആവേശകരമായി തോന്നുകയില്ല. കാരണം നമ്മുടെ സന്തോഷം ഭൗതികമായവയെ അടിസ്ഥാനപ്പെടുത്തി ഉള്ളതാണ്, സ്വർഗ്ഗത്തിലെ ആത്മീയപ്രവൃത്തികളെ ആവേശകരമായി കാണുവാൻ നമുക്ക് വിഷമമുണ്ട്.

സ്വർഗ്ഗത്തിൽ, സന്തോഷം മാത്രമാണെന്ന് നമുക്കറിയാം, ദൈവം "അവൻ അവരുടെ കണ്ണിൽനിന്ന് കണ്ണുനീർ എല്ലാം തുടച്ചുകളയും; ഇനി മരണം ഉണ്ടാകില്ല; ദു:ഖവും, മുറവിളിയും, കഷ്ടതയും ഒന്നും ഉണ്ടാകയില്ല; ഒന്നാമത്തേത് കഴിഞ്ഞുപോയി" (വെളിപ്പാട് 21:4). ഭൗതികമായ ഈ ജീവിതത്തിലെ കാര്യങ്ങൾ നമ്മെ ദു:ഖിപ്പിക്കുകയും നമ്മെ ശപിക്കുകയും ചെയ്യുന്നത് അവിടെ ഉണ്ടാകയില്ല (വെളിപ്പാട് 22:3). രക്ഷിക്കപ്പെട്ടവർ നമ്മുടെ യജമാനന്റെ "സന്തോഷത്തിലേക്ക്" പ്രവേശിക്കുന്നു (മത്തായി 25:21, 23). ഈ ജീവിതത്തിലെ പ്രയത്നങ്ങളിൽനിന്നുള്ള ഒരു വിശ്രമമാണ് അത് (വെളിപ്പാട് 14:13; എബ്രായർ 4:8–11).

നിത്യത മുഴുവൻ നാം സന്തോഷിക്കും, കാരണം നാം പിതാവിനോടും (വെളിപ്പാട് 21:3), യേശുവിനോടും (യോഹന്നാൻ 12:26[9]), ദൂതന്മാരോടും (ലൂക്കൊസ് 9:26), രക്ഷിക്കപ്പെട്ടവരോടും (മത്തായി 13:43) കൂടെ ആയിരിക്കും. നാം സന്തോഷത്തോടെ യേശുവിനെ സേവിക്കയും (വെളിപ്പാട് 22:3) അവനോടുകൂടെ വാഴുകയും (2 തിമൊഥെയൊസ് 2:12; വെളിപ്പാട് 22:5) ചെയ്യും. അവൻ വിശുദ്ധന്മാരിൽ മഹത്വപ്പെടും (2 തെസ്സലൊനിക്യർ 1:10), അതിനർത്ഥം യേശുവിന് മാനവും മഹത്വവും ആദരവും (ഫിലിപ്പിയർ 2:10, 11) അവനെ സേവിച്ചവരിൽനിന്ന് ലഭിക്കുന്നു. സ്നേഹവും, കൂട്ടാ

യ്മയും, സന്തോഷവും ഉള്ള സ്ഥലമാണ് സ്വർഗ്ഗം.

## ആർ സ്വർഗ്ഗത്തിൽ പോകും?

സ്വർഗ്ഗത്തിലെ തേജസ്സ് നൽകുന്നത് യോഗ്യത അനുസരിച്ച ല്ല, എന്നാൽ കൃപയുടെ അടിസ്ഥാനത്തിലാണ് (2 തെസ്സലൊനി ക്യർ 2:16). നമ്മുടെ സൽപ്രവൃത്തികളാൽ നേടിയെടുത്ത് അവിടെ നമുക്ക് കയറിപ്പറ്റാവുന്നതല്ല (എഫെസ്യർ 2:8, 9; തീത്തൊസ് 3:5). നമുക്ക് പറയാം, "നാം ചെയ്യേണ്ടത് മാത്രമേ ചെയ്തിട്ടുള്ളു" (ലൂക്കൊസ് 17:10).

സ്വർഗ്ഗം നമുക്ക് നൽകുന്നത് ഒരു അവകാശമായിട്ടത്രെ.[10] ഒരു അവകാശം നേടിയെടുക്കാവുന്നതല്ല; അത് ഒരു ദാനമാണ്. ദൈവത്തിന്റെ മക്കളാണ് അവകാശികൾ (റോമർ 8:16,17; ഗലാത്യർ 3:6, 7, 29). വെള്ളത്തിനാലും ആത്മാവിനാലും ജനിച്ചുകൊണ്ട് (യോഹന്നാൻ 3:5), നാം ദൈവത്താൽ ജനിക്കുന്നു (യോഹന്നാൻ 1:12, 13). ഇങ്ങനെ നാം വിശ്വാസത്താലും സ്നാനത്താലും ദൈവമ ക്കളായി സ്വർഗ്ഗീയ അവകാശികളായിത്തീരുന്നു (ഗലാത്യർ 3:26,27).

ദൈവത്തോടു മത്സരിക്കുന്നവരും അധാർമ്മിക ജീവിതം നയി ക്കുന്നവരും സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല (1 കൊരിന്ത്യർ 6:9, 10; ഗലാത്യർ 5:19-21). കാരണം അവർ യേശുവിന്റെ രക്തത്താൽ കഴു കപ്പെടാത്തതുകൊണ്ട്, അവർ മലിനപ്പെട്ടുതന്നെ ഇരിക്കുന്നതിനാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കയില്ല (വെളിപ്പാട് 21:27; 2 പത്രൊസ് 3:13). സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവർ യേശുവിന്റെ രക്തത്താൽ ശുദ്ധീ കരിക്കപ്പെട്ടവരത്രെ (എഫെസ്യർ 5:25-27; കൊലൊസ്യർ 1:19-22).

## ഉപസംഹാരം

തന്നെ അനുസരിക്കാത്തവരെ ദൈവം എന്നേക്കും ശിക്ഷിക്കും എന്ന ചിന്ത ഭയാനകമാണ്, എന്നാൽ അത് അവന്റെ വചനത്തിലെ ഉപദേശമാണ്. നീതിമാന്മാരുടെ അനുഗ്രഹങ്ങൾ നിത്യമായിരിക്കു ന്നതുപോലെ അനീതിയിൽ ജീവിക്കുന്നവരുടെ ശിക്ഷയും നിത്യ മാണ്. ഇത് നാം ചെയ്യുന്നതിലെല്ലാം ദൈവത്തെ പ്രസാദിപ്പിക്കു വാൻ തീർച്ചയായും നമ്മെ പ്രചോദിപ്പിക്കും. നാം അവനോടുകൂടെ സ്വർഗ്ഗത്തിൽ നിത്യത ചെലവിട്ടാൽ പിശാചിനോടും അവന്റെ ദൂത ന്മാരോടും കൂടെയുള്ള അഗ്നിയിലെ നിത്യശിക്ഷാവിധി ഒഴിവാക്കു കയും, എല്ലാ പരിശ്രമവും എല്ലാ വിഷമവും അതിനുവേണ്ടി യുള്ള എല്ലാ സേവനവും വിലയുള്ളതാക്കിമാറ്റുന്നു.

## പഠനചോദ്യങ്ങൾ

(*അനുബന്ധങ്ങൾ 1 ലെ ഉത്തരങ്ങൾ*)

1. ദൈവം സ്നേഹവും, കരുണയും, കൃപയും ഉള്ളവനാകയാൽ നിത്യ ശിക്ഷാവിധി ദൈവത്തിന് യോജിക്കുന്നതല്ലായെന്ന് ചിലർ കരുതുന്നു. എന്തുകൊണ്ട് ഈ നിഗമനം തെറ്റ്?
2. അനുസരിക്കാതിരിക്കുന്നവരെ ഉന്മൂലനം ചെയ്യും എന്ന കാഴ്ചപ്പാട് എന്തു കൊണ്ടാണ് തെറ്റായ ഉപദേശമാകുന്നത്?
3. നരകത്തിൽ ഏതു തരം ശിക്ഷയാണ് പ്രതീക്ഷിക്കാവുന്നത്?
4. ശിക്ഷിക്കുന്നവരെ എങ്ങനെയാണെന്നാണ് പൗലൊസ് വിവരിക്കുന്നത്?
5. നമ്മുടെ ഏറ്റവും വലിയ ലക്ഷ്യം എന്തായിരിക്കണം?
6. പഴയനിയമത്തിൻ കീഴിൽ ഉണ്ടായിരുന്നവരെക്കാൾ പുതിയനിയമത്തിലുള്ള ക്രിസ്ത്യാനികളുടെ പ്രത്യാശ ശ്രേഷ്ഠമാകുന്നതെങ്ങനെ?
7. “സ്വർഗ്ഗം” ഏതെല്ലാം മൂന്നു വിധത്തിൽ ഉപയോഗിച്ചിരിക്കുന്നു?
8. ഈ ഭൂമിയിൽ ആവശ്യമുള്ള കാര്യങ്ങൾ എന്തുകൊണ്ട് സ്വർഗ്ഗിൽ ആവശ്യമില്ല?
9. ആർ സ്വർഗ്ഗത്തിൽ പോകും?

---

കുറിപ്പുകൾ

[1]റോമർ 1:18, 2:8; 3:5; 12:19; എഫെസ്യർ 5:6; കൊലൊസ്യർ 3:6; 2 തെസ്സലൊനിക്യർ 1:8. [2]*ഗെഹെന്നാ* എന്നതു രണ്ടു എബ്രായവാക്കുകൾ ഗ്രീക്കിലേക്ക് ലിപി മാറ്റി എഴുതിയതാണ്, *ഗെ*, എന്നതിന്റെ അർത്ഥം “താഴ്വര” എന്നും, *ഹിന്നോൻ*, താഴ്വരയുടെ ഉടമസ്ഥൻ എന്നുമാണ്. [3]മത്തായി 5:22, 29, 30; 10:28; 18:9; 23:15, 33; മർക്കൊസ് 9:43, 45, 47; ലൂക്കൊസ് 12:5; യാക്കോബ് 3:6. [4]2 രാജാക്കന്മാർ 23:10; 2 ദിനവൃത്താന്തം 28:3; 33:6; യിരമ്യാവ് 7:31, 32; 19:6. [5]മർക്കൊസ് 9:43; ലൂക്കൊസ് 3:17. [6]*ടെലിയോസ്* എന്ന ഗ്രീക്കുവാക്ക് തർജ്ജിമ ചെയ്തതാണ് “പെർഫെക്റ്റ്” എന്നത്, അർത്ഥം “പക്വത” എന്നാണ്. [7]യോഹന്നാൻ 3:36; 5:24; 6:47, 54; 1യോഹന്നാൻ 5:11, 13. [8]മത്തായി 19:29; മർക്കൊസ് 10:30; ലൂക്കൊസ് 18:30; യോഹന്നാൻ 10:28; റോമർ 2:7; 6:22; 1 തിമൊഥെയൊസ് 6:12. [9]യോഹന്നാൻ 14:3; 17:24; 2 കൊരിന്ത്യർ 5:6–8; ഫിലിപ്പിയർ 1:23; ഗലാത്യർ 3:4; 1 തെസ്സലൊനിക്യർ 4:17. [10]പ്രവൃത്തികൾ 20:32; 26:18; എഫെസ്യർ 1:11, 14, 18; 5:5; കൊലൊസ്യർ 1:12; 3:24; എബ്രായർ 9:15; 1പത്രൊസ് 1:4.